ങ്ങൾ കേന്ദ്രഗവൺമെന്റിൽ പോയി സമരം ചെയ്യേണ്ട കാര്യങ്ങൾ ആദ്യമായിട്ടാണ് സഭയുടെ ചരിത്രത്തിൽ ഇതുപോലുള്ള ഒരു ദുരുപയോഗം ഈ റൂളിനെ സംബന്ധിച്ച് വന്നിട്ടുള്ളത്. അത് അങ്ങ് കർശനമായി നിയന്ത്രിക്കേണ്ടതാണ്. ഞങ്ങൾക്ക് അതിന്റെ കോപ്പി മുൻകൂട്ടി കിട്ടുന്ന പതിവില്ല, അല്ലെങ്കിൽ അപ്പോൾത്തന്നെ എതിർക്കുമായിരുന്നു. എന്റെ അഭിപ്രായത്തിൽ ഇത് രേഖയിൽ ഉണ്ടാകാൻ പാടില്ല, അനുവദിക്കാൻ പാടില്ല, അനുവദിച്ചതുതന്നെ തെറ്റായി എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

മി. സ്പീക്കർ : ഇത് സഭയിലെ ഒരു മന്ത്രിക്ക് ലഭിക്കുന്ന പ്രത്യേകതരത്തിലുള്ള ഒരു പ്രിവിലേജ് ആണ്. അംഗങ്ങൾക്ക് ഇല്ല, അതിന് വേറെ റൂൾ ഉണ്ട്. അതാണ് റൂൾ 300. ആ 300 ൽ പറയുന്നത്, A statement may be made by a Minister on a matter of public importance with the consent of the Speaker,..... ഇത്രയേയുള്ളൂ, അത് സിമ്പിൾ ആണ്. അതിൽ ഡിബേറ്റ് പാടില്ല. ക്വസ്റ്റ്യനും പാടില്ല. സ്പീക്കർ നോക്കേണ്ട ചുമതല മാത്രമേയുള്ളൂ. ചെയർ നോക്കേണ്ടത് ഇതുമാത്രമാണ്, അദ്ദേഹം എനിക്ക് എഴുതിത്തന്നു, എഴുതി തന്നിട്ട് രണ്ടു ദിവസം ആയി, അതിന്റെ മാറ്റർ വന്നു, ഇതാണ് വിഷയം, സഭയിൽ വന്നു എന്നുള്ളത് ശരിയാണ്, കുറേ ഭാഗം ഇവിടെ ചർച്ച ചെയ്തു എന്നുള്ളത് ശരിയാണ്. ഒരു തനിയാവർത്തനം എന്നുള്ള നിലയിലല്ല ചെയർ അതിനെ കണ്ടത്, അതിൽ അദ്ദേഹം പല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. കേന്ദ്രത്തോടും പറഞ്ഞിട്ടുണ്ട്. സംസ്ഥാനത്തിന്റെ കാര്യം പറഞ്ഞിട്ടുണ്ട്. ചെയ്ത കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, അങ്ങനെ പല കാര്യങ്ങളും ചേർന്നിട്ടുള്ള സ്വല്പം 'ലെങ്തിയായി' എന്നു വേണമെങ്കിൽ പറയാം, അല്ലാതെ പൊതു പ്രാധാന്യമുള്ള ഒരു സ്റ്റേറ്റുമെന്റ് തന്നെയാണ്, അത് ചട്ടപ്രകാരം തന്നെയാണ്. യാതൊരു ക്രമപ്രശ്നവും നിലനില്ക്കുന്നതല്ല.

VII. സബ്മിഷൻ (തുടർച്ച)

(5) ഇടുക്കി ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടത് സംബന്ധിച്ച്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഇടുക്കി ജില്ലയുടെ മലയോരമേഖലയിൽ പത്തു ലക്ഷത്തിലധികം വരുന്ന ജനങ്ങളെ ബാധിക്കുന്ന സുപ്രധാനമായ ഒരു പ്രശ്നമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. ഇടുക്കി ജില്ലാ പഞ്ചായക്ക് രൂപീകരിച്ച രവീന്ദ്രനാഥ് ടാഗോർ അക്കാഡമി ഓഫ് ആർട്സ്, സയൻസ് ആന്റ് മാനേജ്മെന്റ് എന്ന ചാരിറ്റബിൾ സൊസൈറ്റി ഇടുക്കിയിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടായിരുന്നു. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു ജില്ലാ പഞ്ചായത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുവാൻ തയ്യാറാകുന്നത്. ചികിത്സാരംഗത്ത് പൊതുവേയും വിദഗ്ദ്ധ ചികിത്സാ രംഗത്ത് പ്രത്യേകിച്ചും പിന്നോക്കം നിൽക്കുന്ന മലയോര മേഖലയിലെ ജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ജില്ലാ പഞ്ചായത്ത് വളരെ ശ്രമകരമായ ഈ ഉദ്യമത്തിന് ഒരുങ്ങിയത്. പ്രകൃതിക്ഷോഭങ്ങളും റോഡപകടങ്ങളും നിരന്തരമായി ഉണ്ടാകുന്ന ഇടുക്കി ജില്ലയിൽ യഥാസമയം വിദഗ്ദ്ധ ചികിത്സ ലഭി

LIBRARY ARCHIVES Kerala Legislative Assembly

ക്കാതെ മരണമടയുന്നവരുടെ സംഖ്യ വളരെയേറെയാണ്. ഇടുക്കി ജില്ലയുടെ ഉൾപ്രദേശങ്ങളിൽ നിന്നും 7 മണിക്കൂറിലധികം യാത്ര ചെയ്താൽ മാത്രമേ വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിന് കോട്ടയത്തോ എറണാകുളത്തോ എത്തിച്ചേരാൻ കഴിയുകയുള്ളു. ബന്ധപ്പെട്ട സർക്കാരിന്റെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയെങ്കിലേ മെഡിക്കൽ കോളേജിനുള്ള അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിനുവേണ്ടി ആഗസ്റ്റ് 14-ാം തീയതി അപേക്ഷ നൽകിയിരുന്നതാണ്. അനുഭാവപൂർവ്വം ഈ പ്രശ്നം പരിഗണിക്കുമെന്ന് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഉറപ്പു നൽകിയിരുന്നു. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ കഴിയാത്തതുമൂലം നവമ്പർ 23-ാം തീയതി നിലവിലുള്ള അപേക്ഷ നിരസിക്കപ്പെട്ടെങ്കിലും സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ അടുത്ത ആഗസ്റ്റ് മാസത്തിൽ അപേക്ഷ പരിഗണിക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. ഇടുക്കിയിലെ കുടിയേറ്റ കർഷകരും തോട്ടം തൊഴിലാളികളും ഈ സർക്കാരിനെ അധികാരത്തിലെത്തിയ്ക്കുന്നതിനു വേണ്ടി നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുള്ള ജനങ്ങളാണ്. ഈ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള അപേക്ഷ സ്വീകരിച്ചപ്പോൾ ജില്ലാ ആശുപത്രിയുടെ പുതിയ ബ്ലോക്ക് ഉദ്ഘാടനം ചെയ്യുന്നതിന് ഇടുക്കിയിൽ വന്നപ്പോൾ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പ്രതീക്ഷാനിർഭരമായ മറുപടിയാണ് പറഞ്ഞിട്ടുള്ളത്. ഇടുക്കിയിലെ ജനങ്ങൾ വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ സർക്കാരിന്റെ തീരുമാനത്തെ ഉറ്റുനോക്കുന്നത്. ഇക്കാര്യത്തിൽ ഏറ്റവും വേഗം അനുകൂലമായ തീരുമാനം ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, ബഹുമാനപ്പെട്ട സുലൈമാൻ റാവുത്തർ അദ്ദേഹത്തോട് എനിക്ക് വളരെക്കാലത്തെ ബന്ധവും അടുപ്പവും ഉണ്ട്. അദ്ദേഹം ഇടുക്കിയിലെ ജനങ്ങളോട് കാണിക്കുന്ന സ്നേഹവാത്സല്യങ്ങൾക്ക് സന്തോഷം. പക്ഷേ അവിടെ ഞാൻ ഇപ്പോൾ ഒരു പ്രതിയാണ്. എന്റെ ഒരു എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് കിട്ടിയാൽ എല്ലാം നടക്കും എന്നുള്ള മട്ടിലാണ്. അതിൽ ഒരുപാട് കടമ്പകൾ കടക്കാനുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കണം എന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഇടുക്കി ജില്ലയിൽ രവീന്ദ്രനാഥ് ടാഗോർ അക്കാഡമി ഓഫ് ആർട്സ്, സയൻസ് ആന്റ് മാനേജ്മെന്റ് തുടങ്ങാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആഗസ്റ്റ് 14-ാം തീയതി സർക്കാരിന് ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുമ്പ് സർക്കാർ നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്. ആ തീരുമാനം ഇതുവരെ എടുത്തിട്ടില്ല. അക്കാര്യത്തിൽ സർക്കാർ ഇതുവരെ തീരുമാനം എടുക്കാത്ത സാഹചര്യത്തിൽ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ഉടൻ തന്നെ അനുവദിക്കാൻ നിർവാഹം ഇല്ലായെന്ന് ഖേദപൂർവ്വം അറിയിക്കുന്നു.

(6) കാപ്പിക്കും കുരുമുളകിനും താങ്ങുവില നിശ്ചയിക്കണമെന്ന ആവശ്യം

ശ്രീ.കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, കാർഷിക ഉൽപ്പന്നങ്ങളുടെ ക്രമാതീതമായ വില തകർച്ചകാരണം വയനാട്ടിലെ ചെറുകിട കാപ്പി, കുരുമുളക്, തേയില കൃഷിക്കാർ പട്ടിണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കാപ്പിയുടെ വില ഒരു കിലോഗ്രാമിന് 130/- രൂപയായി ഉയർന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly